# കേരള സർവകലാശാല,

## കാമ്പസ് ഭരണ വിഭാഗം

### കാര്യവട്ടം, തിരുവനന്തപുരം

www.keralauniversity.ac.in

ജോയിന്റ് രജിസ്ട്രാർ
കാമ്പസ് ഭരണവിഭാഗം

ടെലി: 0471 – 2308907
ഫാക്സ് : 2308614
Email-jr.ca.uok@gmail.com

CA/Admin/02/Farm Blocks/2024

**പുനർ ദർഘാസ് പരസ്യം**

കേരള സർവകലാശാല കാര്യവട്ടം കാമ്പസിലെ C & D എന്നീ ബ്ലോക്കുകളിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 2024 മാർച്ച് 12 മുതൽ ഡിസംബർ 31 വരെ ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനു വേണ്ടി ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുകൾ 2024 മാർച്ച് 11 നു രാവിലെ 10.30 നു മുൻപായി കാമ്പസ് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

നിരതദ്രവ്യമായി ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം 3000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് *ഡെപ്യൂട്ടി രജിസ്ട്രാർ കാമ്പസ് ഭരണവിഭാഗം* എന്ന പേരിൽ അടയ്ക്കേണ്ടതാണ്. ദർഘാസുകൾ *'2024 വർഷത്തിൽ കാര്യവട്ടം കാമ്പസിലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കാനുള്ള അവകാശം നേടുന്നതിനു വേണ്ടിയുള്ള ടെൻഡർ'* എന്ന് രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഈ ആവശ്യത്തിലേക്ക് മാർച്ച് 11 നു തന്നെ രാവിലെ 11 മണിക്ക് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ വച്ച് പൊതുലേലവും നടത്തപ്പെടും. ടി ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലത്തിനു മുൻപ് മേൽപറഞ്ഞ നിരക്കിൽ നിരതദ്രവ്യം കെട്ടിവയ്ക്കണം. ടെൻഡർ/ലേലം അന്നേദിവസത്തെ ഏറ്റവും കൂടിയ തുകയ്ക്ക് (സർവകലാശാലയ്ക്ക് സ്വീകാര്യമെങ്കിൽ മാത്രം) സ്ഥിരപ്പെടുത്തുന്നതാണ്. ഈ തുക മുഴുവൻ ലേലത്തിയതി മുതൽ 3 ദിവസത്തിനകം ടിയാൻ സർവകലാശാല ക്യാഷ് കൗണ്ടറിൽ ഒടുക്കി രസീത് ഓഫീസിൽ നൽകേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം കണ്ടുകെട്ടുകയും രണ്ടാമത്തെ കൂടിയ തുക രേഖപ്പെടുത്തിയ വ്യക്തിക്ക് (സർവകലാശാലയ്ക്ക് സ്വീകാര്യമെങ്കിൽ) ലേലം/ടെൻഡർ സ്ഥിരപ്പെടുത്തുന്നതായിരിക്കും.

വിവിധ ബ്ലോക്കുകളിലെ വൃക്ഷങ്ങൾ കണ്ട് ബോദ്ധ്യപ്പെടുന്നതിനും ലേലം/ടെൻഡറിനെ കുറിച്ചുള്ള നിബന്ധനകൾക്കും മറ്റു വിശദവിവരങ്ങൾക്കും കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ദർഘാസ്/ലേലം സംബന്ധമായ എല്ലാകാര്യങ്ങളിലും അന്തിമ തീരുമാനം രജിസ്ട്രാറുടേതായിരിക്കും.

ജോയിന്റ് രജിസ്ട്രാർ

Draft #31 of File CA/Admn/02/2019 Approved by JOINT REGISTRAR on 29-Feb-2024 03:19 PM - Pa